# ഹെപ്പറ്റൈറ്റിസ് – ബി കുത്തിവയ്പ് ആവശ്യമോ?

പി.എസ്. കുമാർ

പോളിയോ നിർമാർജനയജ്ഞത്തിനുശേഷം ഇപ്പോൾ കേരളത്തിലൊട്ടാകെ കേൾക്കുന്ന ഒരു പ്രതിരോധ കുത്തിവയ്പുപരിപാടിയാണ് ഹെപ്പറ്റൈറ്റിസ് - ബി വാക്സിനേഷൻ. പല ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ആരോഗ്യരംഗത്തേക്കായി മാറ്റിവെച്ചിരിക്കുന്ന തുക മുഴുവനായും ചെലവാക്കുന്നത് ഈ കുത്തിവയ്പ് നടത്താൻ വേണ്ടിയാണ്. കൂടുതൽ കൂടുതൽ പഞ്ചായത്തുകളും സന്നദ്ധസംഘടനകളും രംഗത്തുവന്നുകൊണ്ടിരിക്കുന്നു. അധികം വൈകാതെ കേരളം ഒരു ഹെപ്പറ്റൈറ്റിസ് - ബി വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടേക്കാനും വഴികാണുന്നു.

രക്തംവഴി മാത്രം പകരുന്നതും കരളിനു കാൻസർ വരുത്താൻ ശേഷിയുള്ളതുമായ ഒരുതരം മഞ്ഞപ്പിത്തമുണ്ടാക്കുന്ന വൈറസിനെയാണ് ഹെപ്പറ്റൈറ്റിസ് -ബി എന്നു പറയുന്നത്. ഇതു വായുവിലൂടെയോ ജലത്തിലൂടെയോ സ്പർശനത്തിലൂടെയോ പകരുന്നില്ല. രോഗാണുബാധയുള്ള അമ്മ പ്രസവിക്കുന്ന കുഞ്ഞിലേക്ക് രോഗം പകരും. സിറിഞ്ചുപയോഗിച്ച് കുത്തിവയ്ക്കുന്ന സന്ദർഭങ്ങളിലും ശരീരത്തിൽ മുറിവുണ്ടാക്കി ശസ്ത്രക്രിയയോ മറ്റോ ചെയ്യുമ്പോഴും ഇതു പകരാം. ലൈംഗികബന്ധത്തിലൂടെയും പകരാം. അതായത് എയ്ഡ്സിന്റെ പകർച്ചാസ്വഭാവമാണ് ഇതിനുള്ളത്.

ഈ രോഗമുള്ള നാലര കോടി ആളുകൾ ഇന്ത്യയിലുണ്ടെന്നും അതിന്റെ ഒരു ശതമാനം; അതായത് നാലര ലക്ഷം പേർ കേരളത്തിലാണെന്നും ഒരു കണക്ക് പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ജനങ്ങളെ മൊത്തം പരിശോധിച്ചശേഷം ഉണ്ടാക്കിയ കണക്കൊന്നുമല്ല - വെറും ഒരു ഊഹാപോഹം മാത്രം.

രക്തത്തിലൂടെ മാത്രം പകരുന്ന ഒരു രോഗം എന്ന നിലയ്ക്ക് ഹെപ്പറ്റൈറ്റിസ് - ബി അത്രയൊന്നും ഭയപ്പെടേണ്ട ഒരു രോഗമല്ല എന്നതാണ് വസ്തുത. (രോഗം വന്നാൽ തന്നെ നാലിലൊന്നു പേർക്ക് വീതം കാര്യമായ മരുന്നൊന്നും കൂടാതെ തന്നെ രോഗത്തെ ചെറുത്തുതോല്പിക്കാനുള്ള സ്വാഭാവിക ശേഷി കാണപ്പെടുന്നുമുണ്ട്. മദ്യപാനം. പുകവലി, ലഹരി തുടങ്ങിയവ ശീലിച്ചവർക്ക് ഈ കുത്തിവയ്പുകൊണ്ട് ഗുണമുണ്ടാകണമെന്നില്ല. 40 വയസ് കഴിഞ്ഞാണ് കുത്തിവയ്പ് എടുക്കുന്നതെങ്കിൽ അതുകൊണ്ട് പകുതിയേ ഗുണമുണ്ടാകാനിടയുള്ളു. ജനിച്ച ഉടനെ കുത്തിവയ്പെടുത്താൽ പോലും രോഗം വന്നുകൂടെന്നുമില്ല - ഇത്രയും കാര്യങ്ങൾ ഈ കുത്തിവയ്പു നടത്തിക്കാൻ മുൻകൈയെടുക്കുന്നവർ തന്നെ സമ്മതിക്കുന്നുണ്ട്.) സത്യം പറഞ്ഞാൽ, ഈ പ്രതിരോധ കുത്തിവയ്പ് മാമാങ്കം തുടങ്ങുന്നതുവരെ നമ്മളാരും ഇങ്ങനെയൊരു 'ഹെപ്പറ്റൈറ്റിസ് ഭീകരനെ'ക്കുറിച്ച് കേട്ടിരുന്നുമില്ല.

പുലി വരുന്നേ പുലി എന്ന മട്ടിൽ ബഹളം കൂട്ടി, ഭയം ജനിപ്പിച്ച്, ജനങ്ങളെ ഈ വാക്സിനേഷന് പ്രേരിപ്പിക്കുന്നത് ഒരു കച്ചവടതന്ത്രം മാത്രമാണ്. കേരളംപോലെ മരുന്നിന് പണം മുടക്കാൻ മാനസികവും ശാരീരികവുമായി തയ്യാറുള്ള ജനങ്ങൾ വസിക്കുന്ന ഒരു പ്രദേശത്ത് ഇങ്ങനെയൊരു രോഗഭീതി പരത്തി തങ്ങളുടെ കാശുപെട്ടി നിറയ്ക്കാനാണ് മരുന്നുകമ്പനികളുടെ ശ്രമം. ഒരാൾക്ക് ആറു മാസത്തിനകം മൂന്നു തവണ കുത്തിവയ്ക്കണം. മൂന്നിനും കൂടി 300 നും 750 നും ഇടയ്ക്ക് രൂപ ചെലവു വരും. കേരളത്തിലെ മൂന്നു കോടി ജനസംഖ്യയുടെ പത്തിലൊന്നിനെക്കൊണ്ടെങ്കിലും മരുന്നു വാങ്ങിപ്പിക്കാൻ കഴിഞ്ഞാൽ കിട്ടുന്ന തുക കണക്കുകൂട്ടി നോക്കുക.

അടിസ്ഥാനതല പ്രവർത്തനങ്ങളിൽ താത്പര്യമില്ലാത്ത ജനങ്ങളെ പെട്ടെന്ന് ബോധ്യപ്പെടുത്താവുന്ന എന്തെങ്കിലും കോപ്രായം കാണിക്കുന്നതിൽ മാത്രം താത്പര്യമുള്ളവരാണ് നമ്മുടെ രാഷ്ട്രീയക്കാർ. അവർ ശരിക്കും മരുന്നുകമ്പനിക്കാരുടെ വെട്ടിൽ വീണു. പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്കും ഈ മരുന്നു വാങ്ങി കുത്തിവച്ചു കൊടുക്കാൻ വേണ്ടത്ര ഫണ്ട് സംഘടിപ്പിക്കാൻ ആത്മാർത്ഥമായി നെട്ടോട്ടമോടുന്ന പലരുമുണ്ട്. ഈ ഒരു വർഷംകൊണ്ട് ജനകീയ പഞ്ചായത്തുകളും സന്നദ്ധ സംഘടനകളും കൂടി എത്രമാത്രം പണമാണ് ഹെപ്പറ്റൈറ്റിസ് - ബി വാക്സിനുവേണ്ടി ചെലവാക്കാൻ പോകുന്നതെന്നു കണ്ടറിയുക. സ്ഥിരമായ ഏതെങ്കിലും വൈദ്യ - ശുശ്രൂഷ സൗകര്യമേർപ്പെടുത്താനോ ഉള്ളതിനെ നന്നാക്കിയെടുക്കാനോ ഈ പണം നീക്കിവച്ചിരുന്നെങ്കിൽ!

ഏതാനും ചിലർക്ക് ഗോയിറ്റർ രോഗ(തൊണ്ടമുഴ)മുണ്ടാകാനിടയുണ്ടെന്നും പറഞ്ഞ് ഇന്ത്യയിലുടനീളം സാധാരണ കറിയുപ്പ് നിരോധിച്ച് അയഡിനുപ്പിന് മാർക്കറ്റുണ്ടാക്കിയപോലെ ഒരു കപടനാടകമാണ് ഇതും.

രോഗമുള്ളവർക്കും ഇല്ലാത്തവർക്കും എടുക്കുന്ന ഈ കുത്തിവയ്പ് വഴി രോഗമില്ലാത്തവർക്കുകൂടി രോഗം വരുന്ന അവസ്ഥയുണ്ടാകാതിരിക്കട്ടെ എന്നു പ്രാർഥിക്കാം. (പോളിയോയ്ക്ക് കുത്തിവയ്പെടുത്ത് പിറ്റേന്നു മുതൽ പോളിയോ വന്ന് വികലാംഗരായ എത്രയോ പേർ ഈ കേരളത്തിലുണ്ടെന്ന് അറിയാമല്ലോ).

> **പുലിവരുന്നേ പുലി എന്ന മട്ടിൽ ബഹളം കൂട്ടി ഭയം ജനിപ്പിച്ച് ജനങ്ങളെ ഹെപ്പറ്റൈറ്റിസ്–ബി പ്രതിരോധ വാക്സിനേഷന് പ്രേരിപ്പിക്കുന്നത് ഒരു കച്ചവടതന്ത്രം മാത്രമാണ്. കേരളംപോലെ മരുന്നിന് പണം മുടക്കാൻ തയ്യാറുള്ള ജനങ്ങളുടെ നാട്ടിൽ ഈയൊരു ഭീതി പരത്തി തങ്ങളുടെ കാശുപെട്ടി നിറയ്ക്കാനാണ് മരുന്നുകമ്പനികളുടെ ശ്രമം.**